3. 1984–85, 1985–86 എന്നീ വർഷങ്ങളിലെ രണ്ടാം സബ്ജക്ട് കമ്മിറ്റിയുടെ ആനുകാലിക റിപ്പോർട്ടുകൾ

വന വകുപ്പു മന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ): സർ, റവന്യൂ വകുപ്പുമന്ത്രിയും രണ്ടാംസബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ശ്രീ. പി. ജെ. ജോസഫിനുവേണ്ടി കമ്മിറ്റിയുടെ 1984–85, 1985–86 എന്നീ വർഷങ്ങളിലേക്കുള്ള ആനുകാലിക റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

4. 1984–85, 1985–86 എന്നീ വർഷങ്ങളിലെ മൂന്നാം സബ്ജക്ട് കമ്മിറ്റിയുടെ ആനുകാലിക റിപ്പോർട്ടുകൾ

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): സർ, നിയമവും ജലസേചനവും വകുപ്പു മന്ത്രിയും മൂന്നാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ 1984–85, 1985–86 എന്നീ വർഷങ്ങളിലേക്കുള്ള ആനുകാലിക റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

5. 1984–85, 1985–86 എന്നീ വർഷങ്ങളിലെ നാലാം സബ്ജക്ട് കമ്മിറ്റിയുടെ ആനുകാലിക റിപ്പോർട്ടുകൾ

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച നാലാം സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ വ്യവസായ വകുപ്പു മന്ത്രിക്കുവേണ്ടി 1984–85, 1985–86 എന്നീ വർഷങ്ങളിലേയ്ക്കുള്ള ആനുകാലിക റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

6. 1984–85, 1985–86 എന്നീ വർഷങ്ങളിലെ അഞ്ചാം സബ്ജക്ട് കമ്മിറ്റിയുടെ ആനുകാലിക റിപ്പോർട്ടുകൾ

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, ഗതാഗതവകുപ്പുമന്ത്രിയും പൊതുമരാമത്തും, ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച അഞ്ചാം സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനുമായ ഞാൻ 1984–85, 1985–86 എന്നീ വർഷങ്ങളിലേയ്ക്കുള്ള ആനുകാലിക റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

7. 1984–85, 1985–86 എന്നീ വർഷങ്ങളിലെ ആറാം സബ്ജക്ട് കമ്മിറ്റിയുടെ ആനുകാലിക റിപ്പോർട്ടുകൾ

ശ്രീ. കെ. മുഹമ്മദാലി: സർ, സാമൂഹ്യക്ഷേമം സംബന്ധിച്ച ആറാം സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ മുഖ്യമന്ത്രിക്കുവേണ്ടി കമ്മിറ്റിയിലെ അംഗമായ ഞാൻ 1984–85, 1985–86 എന്നീ വർഷങ്ങളിലേക്കുള്ള ആനുകാലിക റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

8. 1984–85, 1985–86 എന്നീ വർഷങ്ങളിലെ ഏഴാം സബ്ജക്ട് കമ്മിറ്റിയുടെ ആനുകാലിക റിപ്പോർട്ടുകൾ

ക്ഷീരവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ): ക്ഷീരം, ഭവനനിർമ്മാണം, തൊഴിൽ ഇവ സംബന്ധിച്ച ഏഴാം സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ 1984–85, 1985–86 എന്നീ വർഷങ്ങളിലേക്കുള്ള ആനുകാലിക റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly